(ഡി) സംസ്ഥാനത്തെ പൈതൃക നഗരങ്ങളെ കൂട്ടിയോജിപ്പിച്ചു കൊണ്ട് ഒരു ടൂറിസം പാക്കേജിന് നടപടി സ്വീകരിക്കുമോ ;

(ഇ) ആലപ്പുഴ നഗരത്തെ പൈതൃക നഗരമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ പൈതൃക നഗരങ്ങളെ സംരക്ഷിക്കുകയും, ചരിത്രാവശിഷ്ടങ്ങൾ പരിപാലിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കുകയും ചെയ്യുന്ന പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഇതുപ്രകാരം, കൊടുങ്ങല്ലൂർ ആസ്ഥാനമായി മുസിരിസ് ഹെറിറ്റേജ് പദ്ധതി കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്നു. തലശ്ശേരി കേന്ദ്രമാക്കിയും ഒരു പൈതൃക സംരക്ഷണ പദ്ധതി ആസൂത്രണം ചെയ്തുവരുന്നുണ്ട്.

(ബി & സി) ഒരു നഗരത്തേയും പ്രത്യേകമായി പൈതൃക നഗരമായി അംഗീകരിച്ചിട്ടില്ല. എന്നാൽ, മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി ചരിത്രമ്യൂസിയവും ഗവേഷണകേന്ദ്രങ്ങളും സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണിച്ചു വരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഇ) ആലപ്പുഴ നഗരത്തെ പൈതൃക നഗരമാക്കുന്ന പദ്ധതി നിലവിലില്ല.

ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്മെന്റ് പ്രോഗ്രാം

8 (*638) ശ്രീ. ബി. രാഘവൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരപ്രദേശങ്ങളിലെ ചേരികളുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡവലപ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നതിൽ എന്തുമാത്രം നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ അനുവദിച്ചിട്ടുള്ളത് ;

(സി) ഇതുവരെ എത്രകോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നേറിയിക്കാമോ ;

(ഡി) 2006-2011 വരെ പദ്ധതിക്കായി കേരളത്തിന് എത്ര കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) നഗര പ്രദേശങ്ങളിലെ ചേരികളുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ സംയോജിത ഭവന നിർമ്മാണ ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി.) പ്രകാരം സംസ്ഥാനത്തെ 45 നഗരസഭകളിലായി 53 പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ ആകെ പ്രോജക്ട് തുക 273.31 കോടി രൂപയാണ്. ഇതിൽ 201.37 കോടി രൂപ കേന്ദ്ര വിഹിതവും 20.85 കോടി രൂപ സംസ്ഥാന വിഹിതവും 31.39 കോടി രൂപ നഗരസഭാ വിഹിതവും 19.63 കോടി രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഇതിൽ കേന്ദ്രവിഹിതമായി 99.98 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭ്യമാക്കുകയും സംസ്ഥാന സർക്കാരിൽ നിന്നും 93.32 കോടി രൂപ സംസ്ഥാനതല നോഡൽ ഏജൻസിയായ കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 37 പ്രോജക്ടുകൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 16 പ്രോജക്ടുകളുടെ നിർവ്വഹണം പ്രാരംഭഘട്ടത്തിലാണ്. ഇവയുടെ 2010 ജൂൺ 30 വരെയുള്ള നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസുകൾ, കമ്മ്യൂണിറ്റി ടോയ്ലറ്റുകൾ, ഭൗതിക സൗകര്യങ്ങൾ, ശുദ്ധജല വിതരണം, ഓടകൾ, പൊതുകുളിമുറികൾ, നിലവിലുള്ള ചെറുപാതകളുടെ വീതികൂട്ടലും പേവിംഗും, സ്ട്രീവേജ് ലൈനുകൾ, തെരുവ് വിളക്കുകൾ, അംഗൻവാടികൾ, അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ, വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ, റിക്രിയേഷൻ ക്ലബ്ബുകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയ പ്രവൃത്തികൾ, ഐ.എച്ച്.എസ്.ഡി.പി. പദ്ധതിയിൻകീഴിൽ നടത്താവുന്നതാണ്.

(സി) ഐ.എച്ച്.എസ്.ഡി.പി. പദ്ധതി പ്രകാരം സംസ്ഥാനത്തെ 45 നഗര സഭകളുടെ 53 പ്രോജക്ടുകൾ (45 ഒന്നാംഘട്ട പ്രോജക്ടുകളും, 8 രണ്ടാംഘട്ട പ്രോജക്ടുകളും) കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആകെ 273.31 കോടി രൂപയുടെ പദ്ധതികൾക്കാണ് ഇതുവരെ അംഗീകാരം ലഭിച്ചിട്ടുള്ളത്.

(ഡി) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ കാലാവധിയായ 2005-06 മുതൽ 2011-12 വരെ സംസ്ഥാനത്തിന് ഐ.എച്ച്. എസ്.ഡി.പി. ക്കായി കേന്ദ്ര ഗവൺമെന്റ് നീക്കിവച്ചിട്ടുള്ളത് 198.83 കോടി രൂപയാണ്. ഇതിൽ 9.94 കോടി രൂപ ഭരണച്ചെലവിനും 188.89 കോടി രൂപ പ്രോജക്ടുകൾക്കുമാണ്. എന്നാൽ സംസ്ഥാനത്തിന് അനുവദിച്ച 53 പ്രോജക്ടുകൾക്കും കൂടി ആകെ കേന്ദ്ര വിഹിതം 201.37 കോടി രൂപയാണ്. ഐ. എച്ച്.എസ്.ഡി.പി. പദ്ധതിയിൽ കൂടുതൽ നഗരസഭകളെ ഉൾപ്പെടുത്തുന്നതിനുള്ള ആവശ്യം വന്നതിനാൽ 12.48 കോടി രൂപ അധികമായി വകയിരുത്തിയതുകൊണ്ടാണ് ഇത്രയും പ്രോജക്ടുകൾ അനുവദിക്കപ്പെട്ടിട്ടുള്ളത്.

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[28-7-2010 ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 8 (638)-ന്റെ ഉത്തരം കാണുക]

IHSDP പദ്ധതി-2010 ജൂണ്‍ 30 വരെയുള്ള നേട്ടങ്ങൾ

തുക കോടിയിൽ	ആരംഭിച്ച പദ്ധതികൾ	പൂർത്തിയായ പദ്ധതികൾ	ഗുണഭോക്താക്കൾ	ഗുണഭോക്താക്കൾക്ക് നൽകിയ വീടുകൾ
96.46	ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	506	263
75.51	ആലപ്പുഴ മുനിസിപ്പാലിറ്റി	ആലപ്പുഴ മുനിസിപ്പാലിറ്റി	779	779
14126	കണ്ണൂർ കോർപ്പറേഷൻ	കണ്ണൂർ കോർപ്പറേഷൻ	4736	4736
2539	കൊച്ചി കോർപ്പറേഷൻ	കൊച്ചി കോർപ്പറേഷൻ	11452	11452
2557	തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ	തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ	2557	2557
11452	കൊച്ചി കോർപ്പറേഷൻ	കൊച്ചി കോർപ്പറേഷൻ	2539	2539
4736	കണ്ണൂർ കോർപ്പറേഷൻ	കണ്ണൂർ കോർപ്പറേഷൻ	14126	14126
779	ആലപ്പുഴ മുനിസിപ്പാലിറ്റി	ആലപ്പുഴ മുനിസിപ്പാലിറ്റി	75.51	75.51
506	ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	96.46	96.46
263	തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ	തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ		